പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 531 — 2/7/2019 ൽ മറുപടിക്ക്

## പാൽ, മുട്ട, മാംസം ഉല്പാദനത്തിൽ സ്വയംപര്യാപ്തത

**ചോദ്യം**

ശ്രീ.കെ.കുഞ്ഞിരാമൻ
ശ്രീ.സി. കെ. ശശീന്ദ്രൻ
ശ്രീ.കെ.ഡി. പ്രസേനൻ
ശ്രീ.സി.കെ. ഹരീന്ദ്രൻ:

**മറുപടി**

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടത്തി വരുന്നു.<br>a) ഗോവർദ്ധിനി പദ്ധതി -കന്നുകുട്ടി പരിപാലന പദ്ധതി- പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷുറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടെ നൽകുന്ന പദ്ധതികൾ<br>b) മൃഗസംരക്ഷണ ആവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി<br>c) ആട് വളർത്തൽ യൂണിറ്റുകൾ,<br>d) ഗോസമൃദ്ധി-സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി<br>e) രാത്രി കാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി<br>f) കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി<br>g) ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി<br>h) കർഷക പരിശീലന പരിപാടികൾ<br>i) വെറ്ററിനറി സേവനം<br>j) 2018-19 ൽ പുതിയതായി ആരംഭിച്ച അനിമൽ റിസോർസ് ഡെവലപ്മെന്റ് (എ.ആർ.ഡി) പദ്ധതിയുടെ കീഴിൽ മാംസാവശ്യത്തിനായി മൂരിക്കുട്ടി വളർത്തൽ പദ്ധതി<br>k) കോഴി വളർത്തൽ പദ്ധതി |

| | | | |
|---|---|---|---|
| | | | 2016-17,2017-18,2018-19 എന്നീ വർഷങ്ങളിൽ കെപ്കോയിൽ നിന്നും വിവിധ പദ്ധതികളിലൂടെ 12,14,290 മുട്ടക്കോഴികളെ 1,55,771 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതേ കാലയളവിൽ 18,12,460 കിലോ ബ്രോയിലർ കോഴിയിറച്ചിയും, 22,664 കിലോ നാടൻ കോഴിയിറച്ചിയും മാംസ സംസ്കരണ ശാലയിലൂടെ സംസ്കരിച്ച് വിപണനം നടത്തിയിട്ടുണ്ട്.<br>കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി കഴിഞ്ഞ മൂന്ന സാമ്പത്തിക വർഷങ്ങളിലായി യഥാക്രമം 6.76 ലക്ഷം, 9.19 ലക്ഷം, 8.11 ലക്ഷം കോഴിമുട്ടകളും 5.63 ലക്ഷം, 7.78 ലക്ഷം, 6.28 ലക്ഷം എന്നിങ്ങനെ കോഴിക്കുഞ്ഞുങ്ങളെയും വിവിധ ഫാമുകളിൽ നിന്ന് വിതരണം ചെയ്യുകയുണ്ടായി. വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന മീറ്റ് ടെക്നോളജി യൂണിറ്റ് പ്രതിവർഷം ഏകദേശം 100 ടൺ വിവിധയിനം ഇറച്ചി ഉത്പാദിപ്പിച്ച് വിവിധ വിപണന കേന്ദ്രങ്ങളിലൂടെ പൊതുജനങ്ങൾക്ക് വിൽപ്പന നടത്തിവരുന്നു. മാത്രമല്ല മൊത്തം ഇറച്ചി ഉത്പാദനത്തിന്റെ ഏകദേശം 10 മുതൽ 20 % വരെ ഇറച്ചി മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്നുമുണ്ട്. പന്നി വളർത്തൽ, കോഴിവളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും മാംസോല്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനും മീറ്റ് ടെക്നോളജി യൂണിറ്റിലെ ആവശ്യത്തിനായി കർഷകരിൽ നിന്നും നേരിട്ട് മൃഗങ്ങളെ വാങ്ങി വരുന്നുണ്ട്. |
| ബി) | കോഴി കർഷകർ നേരിടുന്ന മുഖ്യപ്രശ്നങ്ങളായ കുഞ്ഞുങ്ങൾ, കോഴിത്തീറ്റ എന്നിവയ്ക്കായി അയൽസംസ്ഥാനങ്ങളിലെ സ്വകാര്യ വ്യവസായികളെ ആശ്രയിക്കേണ്ടിവരുന്നതും സംഘടിത ശ്രമത്തിലൂടെ അയൽ സംസ്ഥാന വ്യാപാരികൾ കോഴി ഇറച്ചിക്ക് വിലയിടിച്ച് കർഷകരെ പ്രതിസന്ധിയിലാക്കുന്നതും തടയാൻ ഫലപ്രദമായ ഇടപെടൽ സാധ്യമാണോ; ഇറച്ചിക്കോഴി മേഖലയിൽ കുടുംബശ്രീയുടെ | ബി) | കോഴി ഇറച്ചിയുടെ ഉൽപ്പാദനത്തിൽ നമുക്ക് സ്വയം പര്യാപ്തത കൈവരിക്കാൻ കഴിഞ്ഞാൽ ഈ സാഹചര്യം ഒഴിവാക്കാൻ സാധിക്കുന്നതാണ്. ഈ ലക്ഷ്യം സാധിക്കുന്നതിന് വേണ്ടി കേരളത്തിൽ ഇറച്ചി കോഴി വളർത്തൽ പ്രോൽസാഹിപ്പിക്കുവാനും , വ്യാപിപ്പിക്കുവാനും മൃഗസംരക്ഷണ വകുപ്പും സർക്കാർ സംരംഭമായ കേരള പൗൾട്രി ഡെവലപ്പ്മെന്റ് കോർപറേഷൻ , കുടുംബശ്രീയും മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യയും നടപടികൾ സ്വീകരിച്ച് വരുന്നു .<br>**<u>കുടുംബശ്രീ</u>**<br>സർക്കാർ കുടുംബശ്രീയുമായി സഹകരിച്ച് കേരള ചിക്കൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട് . |

| | | | |
|---|---|---|---|
| | സഹകരണത്തോടെ നടത്തി വരുന്ന പ്രവർത്തനം അറിയിക്കാമോ; | | അതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കഠിനംകുളത്ത് പാരന്റ് സ്റ്റോക്ക് ഫാം തുടങ്ങി .<br>കോഴിക്കുഞ്ഞുങ്ങളെയും തീറ്റയും കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകി 2 - 2.5 മാസമാകുമ്പോൾ തിരിച്ചെടുത്ത് ഇറച്ചിയാക്കി കുടുംബശ്രീ കേരള ചിക്കൻ എന്ന പേരിൽ വിൽക്കുന്നു .<br>**എം . പി . ഐ**<br>കുടുംബശ്രീയും എം . പി . ഐ - യുമായി ഉണ്ടാക്കിയ ധാരണ പ്രകാരം കോട്ടയം / എറണാകുളം ജില്ലകളിലെ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും കിലോയ്ക്ക് 85/- രൂപ വില പ്രകാരം കോഴികളെ വാങ്ങുന്നതാണ് . ഇതിനുപുറമേ എം . പി . ഐയ് ക്ക് സ്വന്തമായുള്ള കോഴി ഫാമിൽ ഒരു ബാച്ചിൽ 7,500 കോഴികളെ വളർത്തുന്നു . ദിനംപ്രതി 1500 കോഴികളെ സംസ്കരിച്ച് വിതരണം ചെയ്ത് വരുന്നു .<br>**മൃഗസംരക്ഷണ - കെപ്കോ - കുടംബശ്രീ കോഴി വളർത്തൽ പദ്ധതി**<br>കെപ്കോ ഉത്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ 40/- രൂപ നിരക്കിൽ കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകി വളർത്തിയെടുത്ത് 40-45 ദിവസം പ്രായവും 2 കിലോ തൂക്കവും ഉണ്ടാകുമ്പോൾ കിലോക്ക് 85/- രൂപ നിരക്കിൽ കെപ്കോ തിരിച്ചെടുത്ത് പ്രോസസ് ചെയ്യുന്നു . 1000 ഇറച്ചിക്കോഴികൾ വീതമുള്ള 10 യൂണിറ്റുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത് . പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് ഇപ്പോൾ തിരുവനന്തപുരം , കൊല്ലം , പത്തനംതിട്ട എന്നീ ജില്ലകളിൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട് .<br>ഇത്തരം നടപടികളിലൂടെ ആവശ്യമായ ഇറച്ചിക്കോഴികളെ നമുക്ക തന്നെ ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെന്ന് പ്രത്യാശിക്കുന്നു . ഈ ലക്ഷ്യം നേടിയാൽ ഇറച്ചിക്കോഴികൾക്ക് വേണ്ടി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന അവസ്ഥ ഒഴിവാക്കാൻ കഴിയും . |
| സി) | മൃഗപരിപാലനം വ്യാപിപ്പിക്കുന്നതിന് അനിവാര്യമായ കാര്യക്ഷമമായ മൃഗചികിത്സാ സേവനങ്ങൾ ലഭ്യമാക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനം അറിയിക്കാമോ; | സി) | 2019-20 സാമ്പത്തിക വർഷത്തിൽ മൃഗാശുപത്രികളുടെ വികസനവും, പുനസംഘടനയും എന്ന പദ്ധതിയിൽ 3114 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ആവർത്തന ചെലവുകൾ ഒഴികെയുള്ള മൃഗചികിത്സാ സേവനങ്ങൾക്കുള്ള ധനസഹായം എന്ന ഘടകത്തിന് 275 ലക്ഷം രൂപയും പ്രവർത്തന ചെലവുകൾക്ക് 45 ലക്ഷം രൂപയും, വെറ്ററിനറി പോളിക്ലിനിക്കുകളുടേയും, |

<table>
<tr>
<td></td>
<td></td>
<td></td>
<td>ആശുപത്രികളുടേയും, ഡിസ്പെൻസറികളുടേയും ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളുടേയും ശാക്തീകരണം എന്ന ഘടകത്തിന് 200 ലക്ഷം രൂപയും അനുവദിച്ചിരിക്കുന്നു. ഈ ഘടകങ്ങളിൽ ഉൾപ്പെടുത്തി കെട്ടിടം, ഉപകരണങ്ങൾ എന്നിവയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നു.<br><br>മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും എന്ന പദ്ധതിയിൽ സംസ്ഥാന ബഡ്ജറ്റിൽ മരുന്നു സംഭരണത്തിനായി പ്രത്യേക ഘടകം ഉള്ളതിൽ 2019-20 ൽ 1500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് അടിസ്ഥാനത്തിൽ ആവശ്യാനുസരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടു കൂടി മരുന്നുകൾ സംഭരിക്കാൻ വ്യവസ്ഥയുണ്ട്<br><br>രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതിയിലൂടെ മൃഗാശുപത്രികളുടെ പ്രവർത്തന സമയത്തിന് ശേഷവും അടിയന്തര ഘട്ടങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സ സേവനം ലഭ്യമാക്കുന്നു.<br><br>സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ ആശുപത്രികളുടെ കീഴിൽ ഇ-വെറ്റ് കണക്ട് എന്ന പദ്ധതി 2015 മുതൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ കീഴിൽ മൃഗചികിത്സ, വെറ്ററിനറി ആമ്പുലൻസ് സേവനം, മൃഗപ്രജനനം, കർഷക പരിശീലനവുമായി ബന്ധപ്പെട്ട വിവരങ്ങൾ തുടങ്ങിയ മേഖലകളിൽ വിദഗ്ധ ഉപദേശം കർഷകർക്ക് നൽകി വരുന്നു. ഇതിനായി 24 മണിക്കൂർ കോൾസെന്റർ സേവനവും ലഭ്യമാക്കി വരുന്നു.</td>
</tr>
<tr>
<td>ഡി)</td>
<td>മൃഗപരിപാലന രംഗത്തെ ഗവേഷണത്തിനും വിജ്ഞാനവ്യാപനത്തിനും കോഴിത്തീറ്റ, കാലിത്തീറ്റ തുടങ്ങിയവയുടെ ഉല്പാദന വർദ്ധനവിനും ഉള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?</td>
<td>ഡി)</td>
<td>മൃഗപരിപാലന രംഗത്തെ ഗവേഷണത്തിനായി സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 1113 ലക്ഷം രൂപയാണ് keala Veterinary and Animal science University ക്ക് 2019-20 സാമ്പത്തിക വർഷം നീക്കി വച്ചിരിക്കുന്നത്. താഴെ നൽകിയിരിക്കുന്ന ഗവേഷണ വിഷയങ്ങൾക്കാണ് തുക അനുവദിച്ചിരിക്കുന്നത്.<br><br>
<table>
<tr><th>sl no</th><th>ഗവേഷണ പദ്ധതിയുടെ പേര്</th><th>തുക</th></tr>
<tr><td>1</td><td>ഉൽപാദന ക്ഷമത വർദ്ധിപ്പിക്കൽ</td><td>75 ലക്ഷം</td></tr>
<tr><td>2</td><td>തീറ്റയുടെ പോഷക സമൃദ്ധി</td><td>103.5 ലക്ഷം</td></tr>
<tr><td>3</td><td>ജനിതക വിഭവശേഷി വർദ്ധിപ്പിക്കലും പരിപാലിക്കലും</td><td>86.78 ലക്ഷം</td></tr>
</table>
</td>
</tr>
</table>

| | | |
|---|---|---|
| 4 | കോഴി വളർത്തൽ ഗവേഷണം | 83.72 ലക്ഷം |
| 5 | പ്രത്യുൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് | 28 ലക്ഷം |
| 6 | ബയോ ടെക്നോളജി ഗവേഷണം | 104.5 ലക്ഷം |
| 7 | രോഗ ഗവേഷണം | 129.5 ലക്ഷം |
| 8 | അരുമ മൃഗങ്ങൾ | 24.5 ലക്ഷം |
| 9 | പാൽ ,മാംസ സംസ്കരണവും മൂല്യ വർദ്ധിത പ്രവർത്തനങ്ങളും | 156.5 ലക്ഷം |
| 10 | ജന്തു ജന്യ രോഗങ്ങൾ | 19 ലക്ഷം |
| 11 | വിജ്ഞാന വ്യാപനവുംസാമ്പത്തിക വിഷയങ്ങളും | 50 ലക്ഷം |
| 12 | മാലിന്യ സംസ്കരണം | 28 ലക്ഷം |
| 13 | നൂതന വിഷയങ്ങളിലെ ഗവേഷണം | 12 ലക്ഷം |
| 14 | മേൽ നോട്ട വിലയിരുത്തൽ സെൽ | 12 ലക്ഷം |
| 15 | പുതിയ ഗവേഷണ സ്ഥാപനങ്ങളുടേയും കേന്ദ്രങ്ങളുടേയും ശാക്തീകരണം | 200 ലക്ഷം |
| | **ആകെ** | **1113 ലക്ഷം** |

<u>കോഴിത്തീറ്റ, കാലിത്തീറ്റ തുടങ്ങിയവയുടെ ഉല്പാദന വർദ്ധനവിനും ഉള്ള പദ്ധതികളുടെ വിശദാംശം</u>

നിലവിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരളാ ഫീഡ്സ് ലിമിറ്റഡിന് തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകര (650 മെട്രിക് ടൺ/ദിവസം), കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി (300 മെട്രിക് ടൺ/ദിവസം), കോഴിക്കോട് ജില്ലയിലെ തിരുവാങ്ങൂർ (300 മെട്രിക് ടൺ/ദിവസം), എന്നീ സ്ഥലങ്ങളിൽ കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകളുണ്ട്. പ്രസ്തുത യൂണിറ്റുകളിൽ നിന്ന് കാലിത്തീറ്റ ഉല്പാദിപ്പിച്ച് ക്ഷീരകർഷകർക്കായി വിപണനം നടത്തിവരുന്നു. കൂടാതെ ഇടുക്കി ജില്ലയിലെ അരീക്കുഴയിൽ 500 മെട്രിക് ടൺ പ്രതിദിന ഉല്പാദനശേഷിയുള്ള കാലിത്തീറ്റ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. 2019 ആഗസ്റ്റ് മാസത്തോടെ നിർമ്മാണം പൂർത്തീകരിച്ച് ഇവിടെനിന്ന് വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദനം തുടങ്ങാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അതോടെ കേരളാ ഫീഡ്സിന്റെ പ്രതിദിന കാലിത്തീറ്റ ഉല്പാദന ശേഷി 1750 മെട്രിക് ടൺ ആകും. ഒപ്പം കേരളത്തിലെ ക്ഷീരകർഷകർക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റ

| | | | |
|---|---|---|---|
| | | | ന്യായമായ വിലയ്ക്ക് യഥേഷ്ടം നൽകാൻ കേരളാ ഫീഡ്സ് ലിമിറ്റഡിന് സാധിക്കും.<br><br>കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ മണ്ണുത്തി യൂണിറ്റിന് കീഴിൽ വരുന്ന സെന്റർ ഫോർ അഡ്വാൻസ് സ്റ്റഡീസ് ഇൻ പൗൾട്രി സയൻസ് നടത്തിവരുന്ന റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രോജക്ടിലൂടെ 5 കിലോ കോഴിത്തീറ്റ പാക്കറ്റുകൾ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി യഥാക്രമം 3208.04 ടൺ, 2861.7 ടൺ, 2136.7 ടൺ എന്നിങ്ങനെ വിതരണം ചെയ്യുകയുണ്ടായി. |

സെക്ഷൻ ഓഫീസർ